## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5110** **04-07-2024 - ൽ മറുപടിയ്ക്ക്**

## ദേശീയ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള അധ്യയന ദിവസങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന അധ്യയന മണിക്കൂർ വ്യവസ്ഥകൾ പ്രകാരം ഒരു അധ്യയനവർഷത്തിൽ എത്ര അധ്യയന ദിവസങ്ങൾ ആവശ്യമാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്ത് കഴിഞ്ഞ അധ്യയന വർഷം വിദ്യാഭ്യാസ കലണ്ടർ പ്രകാരം എത്ര അധ്യയന ദിവസങ്ങൾ ഉണ്ടായിരുന്നുവെന്ന് അറിയിക്കാമോ; | (എ) | ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന അധ്യയന മണിക്കൂർ വ്യവസ്ഥകൾ പ്രകാരം ഒരു അധ്യയന വർഷത്തിൽ, ഏറ്റവും കുറഞ്ഞത്, ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ 200 പ്രവൃത്തിദിനങ്ങളും 800 അധ്യയന മണിക്കൂറും, ആറാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ 220 പ്രവൃത്തിദിനങ്ങളും 1000 അധ്യയന മണിക്കൂറും ഉണ്ടായിരിക്കണം. പരീക്ഷകൾ ഉൾപ്പെടെ അധ്യയന മണിക്കൂറുകളല്ലാത്ത മണിക്കൂറുകൾ ഒഴിവാക്കിയാൽ കുറഞ്ഞത് 220 പ്രവൃത്തി ദിനങ്ങൾ ആവശ്യമാണ്. സംസ്ഥാനത്ത് കഴിഞ്ഞ അധ്യയന വർഷം വിദ്യാഭ്യാസ കലണ്ടർ പ്രകാരം 205 പ്രവൃത്തിദിനങ്ങൾ ഉണ്ടായിരുന്നു. |
| (ബി) | പുതുക്കിയ വിദ്യാഭ്യാസ കലണ്ടർ പ്രകാരം എത്ര അധ്യയന ദിവസങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; അധ്യയന ദിവസങ്ങൾ കൂട്ടുന്നതിന്റെ ഭാഗമായി ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2024-25 അധ്യയന വർഷത്തിൽ വിദ്യാഭ്യാസ കലണ്ടർ പ്രകാരം 220 പ്രവൃത്തി ദിനങ്ങളാണുള്ളത്. അധ്യയന ദിനങ്ങൾ കൂട്ടുന്നതിന്റെ ഭാഗമായി 25 ശനിയാഴ്ചകൾ പ്രവൃത്തിദിനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അധ്യാപകരുടെ ക്ലസ്റ്റർ പരിശീലനത്തിനായി നീക്കിവച്ചിട്ടുള്ള ആറ് ശനിയാഴ്ചകളും, പരീക്ഷകൾക്കിടയിൽ വരുന്ന മൂന്ന് ശനിയാഴ്ചകളും, ആഴ്ചയിൽ ആറ് പ്രവൃത്തിദിനം വരാത്ത രീതിയിലുള്ള ആറ് ശനിയാഴ്ചകളും, ആറ് പ്രവൃത്തിദിനം വരുന്ന ഏഴ് ശനിയാഴ്ചകളും ഉൾപ്പെടുന്നു. |
| (സി) | ഈ അധ്യയന വർഷത്തെ അധ്യയന ദിനം ആക്കിയ ആദ്യത്തെ ശനിയാഴ്ച എത്ര അധ്യാപകർ സ്കൂളുകളിൽ ഹാജർ ആയിട്ടുണ്ടെന്നും എത്ര പേർ അവധി എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; അധ്യാപക സംഘടനകളെ വിശ്വാസത്തിലെടുത്ത് വിദ്യാഭ്യാസ കലണ്ടർ പരിഷ്കരിക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | ഈ അധ്യയന വർഷത്തെ അധ്യയന ദിനമാക്കിയ ആദ്യത്തെ ശനിയാഴ്ച 117226 അധ്യാപകർ സ്കൂളിൽ ഹാജർ ആയിട്ടുണ്ട്. 33292 അധ്യാപകർ അന്നേദിവസം അവധിയെടുത്തിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WP(C) 25120/2023 കേസിലെ 26/02/2024 ലെ വിധിന്യായം പാലിച്ചുകൊണ്ട് പുറപ്പെടുവിച്ച 25/04/2024 ലെ എസ്2(എ) 1599098/2023/ |

| | | | |
|---|---|---|---|
| | | | ഡി.ജി.ഇ. നമ്പർ ഉത്തരവിൽ വരും വർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VIIചട്ടം 3 പ്രകാരമുള്ള പ്രവൃത്തി ദിനങ്ങൾ എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ടി കേസിലെ 23/05/2024 ലെ Contempt Case (C) No. 1134/2024(S) പ്രകാരം 06/06/2024 തീയതിയ്ക്ക് മുമ്പായി 2024-25 വർഷത്തെ അക്കാദമിക് കലണ്ടർ സംബന്ധിച്ച നിർദ്ദേശം നൽകുവാൻ ബഹു.ഹൈക്കോടതി ഉത്തരവിടുകയും, അതു പ്രകാരം instructions ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തി കലണ്ടർ പ്രസിദ്ധീകരിച്ചത്. 2024-25 വർഷത്തെ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തിയതിനെതിരെ അധ്യാപക സംഘടനകൾ ബഹു. ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ